വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാഷ്വൽ തൊഴിലാളികളെ വരുന്ന വേക്കൻസിയിൽ അതേപടി സ്ഥിരമാക്കുക എന്നുള്ളത് ഗവൺമെന്റിന് ഒരു പോളിസി എന്ന നിലയിൽ ചെയ്യാനൊക്കുകയില്ല. വേക്കൻസി വരുമ്പോൾ മെറിറ്റ് അടിസ്ഥാനത്തിൽ എടുക്കും.. പക്ഷെ, ജോലി ചെയ്യുന്ന ആളുകൾക്ക് മുൻഗണന കൊടുക്കാൻ നോക്കാം.

(3) പ്രാഥമിക സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. വി. ജയരാജൻ : സർ, സഹകരണ നിയമ ഒബ്ജക്ടീവ്സിനും ഏരിയാ ഓഫ് ഓപ്പറേഷനും വിരുദ്ധമായിട്ട് വ്യാപകമായി സഹകരണ സംഘങ്ങൾക്ക് അനുമതി നൽകുന്നതുമൂലം സഹകരണമേഖല ഇപ്പോൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. നൂറോളം അർബൺ ബാങ്കുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിക്കുകയുണ്ടായി. കഴിഞ്ഞ ഒരു വർഷത്തെ അനുഭവം പരിശോധിച്ചാൽ രൂപീകരിച്ച അർബൺ ബാങ്കും ആ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്ന മറ്റു ബാങ്കുകളുമെല്ലാം നഷ്ടത്തിലാണ്. മാത്രമല്ല സർക്കാർ പ്രഖ്യാപിച്ച ഒൺടൈം സെറ്റിൽമെന്റും കടാശ്വാസ പദ്ധതിയും. 2001 നവംബർ 1-ന് ഒൺടൈം സെറ്റിൽമെന്റ് സഹകരണ വകുപ്പ് ഉത്തരവിറക്കി പ്രഖ്യാപിച്ചത് നടപ്പാക്കിയതുമൂലം 45 കോടി 45 ലക്ഷംരൂപ പലിശയിനത്തിൽ മാത്രം ഈ സംഘങ്ങൾക്ക് ബാദ്ധ്യതയുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഒരു പദ്ധതിയായതുകൊണ്ട് ഈ സഹകരണ സംഘങ്ങൾക്ക്, പ്രാഥമിക ബാങ്കുകൾക്ക് സർക്കാരും സംസ്ഥാന സഹകരണ ബാങ്കും ആവശ്യമായ ആശ്വാസം നൽകണം. 1989-ൽ ശ്രീ. വി.പി. സിംഗ് കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഗവൺമെന്റുതന്നെ അതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകിയിരുന്നു. റിസർവ് ബാങ്ക് ഇപ്പോൾ കടാശ്വാസ പദ്ധതി കേരളത്തിലെ ബാങ്കുകൾക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ 836 സഹകരണ ബാങ്കുകൾക്ക് 186 കോടിരൂപ നഷ്ടത്തിലാകും. ഇതുകൂടിയായാൽ അവർക്ക് താങ്ങാനാവില്ല. ഒൺടൈം സെറ്റിൽമെന്റ് നടപ്പാക്കുന്ന സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ഒരു പാക്കേജായി ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഒൺടൈം സെറ്റിൽമെൻറ് ജൂലായ് മാസം മുതൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഡിസംബർ മാസംവരെ അത് നീട്ടികൊടുത്തിട്ടുണ്ട്. ഒൺടൈം സെറ്റിൽമെന്റുകൊണ്ട് ഒരു കുഴപ്പവും സൊസൈറ്റികൾക്ക് വരില്ല. കാരണം, സെക്യൂരിറ്റിയും റിസർവും വയ്ക്കേണ്ട ഫണ്ട് കൂടുതൽ തുക ഒൺടൈം സെറ്റിൽമെന്റിലൂടെ പിരിഞ്ഞു കിട്ടിയാൽ. അതു ഉപയോഗിക്കാം. അതിന്റെ പലിശകൊണ്ടുതന്നെ ഇത് മീറ്റുചെയ്യാൻ കഴിയും. കോടിക്കണക്കിന് രൂപയുടെ ഓവർഡ്യൂ വന്നതുകൊണ്ടാണ് സംഘം നഷ്ടത്തിലായത്. ധൂർത്തും അഴിമതിയുമൊക്കെകൊണ്ടാണ് നഷ്ടമായത്. പിന്നെ ആരെങ്കിലും മൊണോപ്പൊളി ഈ സഹകരണപ്രസ്ഥാനത്തിൽ വച്ചുപുലർത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് നടക്കുകയില്ല. ക്രെഡിറ്റ് സംഘങ്ങൾ വെറുതേ രജിസ്റ്റർ ചെയ്തതല്ല. അൺ ലിമിറ്റഡ് അർബൺ ബാങ്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുവാൻ കഴിഞ്ഞ ഗവൺമെന്റ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നതാണ്. നൂറ് സൊസൈറ്റികളൊന്നുമില്ല. പതിനെട്ടുപത് സൊസൈറ്റികളുണ്ട്. അതുതന്നെ കോടതിയിൽ കേസിലാണിപ്പോൾ. നിങ്ങൾ റിസർവ് ബാങ്കിനെ അറിയിച്ച് കുഴപ്പമുണ്ടാക്കിയതുകൊണ്ട് 1946-ൽ രൂപീകരിച്ച ടൗൺ ബാങ്കിനുവരെ നോട്ടീസ് അയച്ചിരിക്കുകയാണ് റിസർവ് ബാങ്ക്. അതുകൊണ്ട് വെറുതെ കുഴപ്പമുണ്ടാക്കണ്ട. ഒരു ഭാഗത്ത് കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നുവെന്ന് പറയുക, എന്നിട്ട് അവന്റെ താല്പര്യം സംരക്ഷിക്കുവാൻ ഒൺടൈം സെറ്റിൽമെന്റ് കൊണ്ടുവന്നാൽ അത് ഗവൺമെന്റ് കൊടുക്കണമെന്നുപറയും. അതു നടക്കില്ല.

(4) കുന്നംകുളം മജിസ്ട്രേറ്റ് കോടതി മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, കുന്നംകുളം മജിസ്ട്രേറ്റ് കോടതിയോടൊപ്പം മുൻസിഫ് കോടതികൂടി ഉണ്ടാകണമെന്നുള്ള ആവശ്യം വളരെ വർഷങ്ങളായിട്ടുള്ളതാണ്. പ്രധാനകാരണം, കുന്നംകുളം മുതൽ വടക്കാഞ്ചേരി വരെ 20 കിലോമീറ്റർ വരെയുള്ള സ്ഥലങ്ങളിലെ സിവിൽ കേസുകൾ ചാവക്കാട് മുൻസിഫ് കോടതിയിലാണ് പോകുന്നത്. അതുകൊണ്ട് ധാരാളം ആളുകൾ ബുദ്ധിമുട്ടുന്നുണ്ട്. കുന്നംകുളം പ്രത്യേകിച്ച് മണിലെന്റിംഗ് ബിസിനസ്സ് നടക്കുന്ന സ്ഥലമാണ്. ധാരാളം സിവിൽ കേസുകൾ വരുന്ന സ്ഥലമാണ്. അതുകൊണ്ട് കുന്നംകുളത്ത് മുൻസിഫ് കോടതിയുടെ ആവശ്യം ആ പ്രദേശത്തെ മുഴുവൻ ആളുകളുടെയും ആവശ്യമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് മജിസ്ട്രേറ്റ് കോടതിയോടൊപ്പം മുൻസിഫ് കോടതികൂടി ഉണ്ടാകണം എന്നതാണ് ഞാൻ ഉന്നയിക്കുന്നത്. ഇതു വളരെ ഗൗരവമായി പരിഗണിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കുന്നംകുളം മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന് ഹൈക്കോടതിയിൽനിന്നും ലഭിച്ചിട്ടില്ല. എന്നാൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി അയച്ചിട്ടുണ്ട്, മറുപടി കിട്ടിയിട്ടില്ല.

(5) പി.എസ്.സി. 26-7-2003-ന് നടത്തുന്ന എൽ.ഡി.സി. ടെസ്റ്റിന് അപേക്ഷകൾ നിരസിച്ചത് സംബന്ധിച്ച്

ശ്രീ. ബിനോയ് വിശ്വം :സർ, 26-ാം തീയതി പി.എസ്.സി. വിവിധ ഡിപ്പാർട്ടുമെന്റിലേക്കു നടത്തുന്ന എൽ.ഡി.സി.യുടെ ടെസ്റ്റ് ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് എഴുതാൻ പറ്റുന്നില്ല. അപേക്ഷാ ഫാറം പൂരിപ്പിച്ചതിലുള്ള പിഴവുകൾ ജില്ലാ കോഡിലുള്ള മാറ്റം, അഡ്രസ്സിലെ ചെറിയ മാറ്റം അതൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ ഒരു വലിയ തെറ്റ് ചെയ്തത്. പി.എസ്.സി. വേറൊരു വലിയ തെറ്റ് കാണിച്ചിട്ടുണ്ട്. ഡിസംബർ 31-ാം തീയതി ഗസറ്റ് പ്രസിദ്ധീകരിക്കുന്നു. അതിന്റെ ബുള്ളറ്റിന്റെ വാർത്ത വരുന്നത് അടുത്തകൊല്ലം ജനുവരി മാസത്തിലാണ്. എന്നിട്ട് പറയുന്നത്, 18 വയസ് തികഞ്ഞിട്ടില്ല, 35 വയസ്

LIBRARY ARCHIVES Kerala Legislative Assembly